# 23.6.2015 മുതൽ 08.09.2015 വരെയുള്ള റിപ്പോർട്ട്

## വൈദ്യുതി നിയമം ഭേദഗതി ബിൽ-2014

വൈദ്യുതി നിയമ ഭേദഗതി ബിൽ പാർലമെന്റിൽ ചർച്ചയ്ക്കെടുക്കുന്ന ദിവസം KSEB Ltd ൽ പണിമുടക്കുന്നതിന് KEEC 8.7.2015 ൽ KSEB Ltd ന് സംഘടനകൾക്ക് നോട്ടീസ് നൽകി. സംയുക്ത സമര സമിതിയുടെ സംസ്ഥാന കൺവെൻഷൻ, ജില്ലാ/ഡിവിഷൻതല യോഗങ്ങളും നടന്നു കഴിഞ്ഞു. പ്രധാന മന്ത്രിക്ക് നൽകിയ കത്ത്, സംയുക്ത സമരസമിതിയുടെ സർക്കുലർ തുടങ്ങിയവ യൂണിയന്റെ സൈറ്റിൽ പബ്ലിഷ് ചെയ്തിരുന്നു.

## 2014 സെപ്തംബർ 2 പൊതു പണിമുടക്ക്

പണിമുടക്ക് നോട്ടീസ് 2.9.2015 ൽ ബോർഡിന് നൽകി. പൊതു പണിമുടക്കിൽ കോൺഫെഡറേഷൻ പങ്കെടുത്തു.

## ജനറൽ ട്രാൻസ്ഫർ - 2015

ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിന്റെ പേരിൽ ജനറൽ ട്രാൻസ്ഫർ നടത്താൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ ഇക്കാര്യം ചെയർമാനുമായി ചർച്ച ചെയ്തു. നമ്മുടെ ആവശ്യപ്രകാരം ട്രാൻസ്ഫർ നടത്തുന്നതിന് പ്രത്യേക അനുവാദം ഇലക്ഷൻ കമ്മീഷനിൽനിന്നും ബോർഡ് വാങ്ങി. എല്ലാ ജനറൽ ട്രാൻസ്ഫർ ഉത്തരവുകളും ആഗസ്റ്റ് 31-ാം തീയതിക്കുള്ളിൽ പുറത്തിറങ്ങി.. ജനറൽ ട്രാൻസ്ഫറിൽ അപേക്ഷിച്ചിട്ടുള്ള കോൺഫെഡറേഷൻ അംഗങ്ങളുടെ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ യൂണിയൻ സൈറ്റിൽ പബ്ലിഷ് ചെയ്യ്തിരുന്നു. സംസ്ഥാന ഭാരവാഹികൾ, ജില്ലാ വർക്കിംഗ് പ്രസിഡന്റ്, ജില്ലാ സെക്രട്ടറി എന്നിവർക്ക് പാസ്‌വേർഡ് നൽകിയിരുന്നു. ഉത്തരവുകളും വെബ്സൈറ്റിൽ ഇട്ടതിനോടൊപ്പം മെസ്സേജ്‌വഴി വിവരം എല്ലാവരേയും അപ്പോൾത്തന്നെ അറിയിച്ചിരുന്നു.

## റഫറണ്ടം

2003 ലെ റഫറണ്ടത്തിൽ KEEC യുടെ നേതൃത്വത്തിൽ United Democratic Electricity Employees Front (UDEEF) എന്ന സംഘടനയായാണ് മത്സരിച്ചത്. UDEEF നെതിരെ സംസ്ഥാന ഭാരവാഹി ഹൈക്കോടതിയിൽ WRIT Petition File ചെയ്തു. തീരുമാനമെടുക്കുന്നതിനായി കോടതി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി. ലേബർ കമ്മീഷണർ മുമ്പാകെയുള്ള hearing 27.7.2015 ന് നടന്നു. ഹിയറിംഗിൽ രേഖകൾ എല്ലാം സമർപ്പിച്ചു.

വർക്കിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം KEEC Title സംബന്ധിച്ച് കോടതി വിധിയിൽ പേരുള്ള നമ്മളും ഡി.കെ.രവി വിഭാഗവും ഒരുമിച്ച് ഫീസടയ്ക്കാൻ തയ്യാറാണെന്ന് കാണിച്ച് ലേബർ കമ്മീഷണർക്ക് കത്ത് നൽകി.

## ശമ്പള പരിഷ്ക്കരണം

ശമ്പള പരിഷ്ക്കരണം തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന കൗൺസിൽ നിയോഗിച്ച കമ്മിറ്റി 2 പ്രാവശ്യം യോഗം ചേർന്നു. സകെയിലുകൾ, അലവൻസുകൾ തുടങ്ങിയവ വിശദമായി ചർച്ച ചെയ്തു. Draft റിപ്പോർട്ട് തയ്യാറാക്കി യൂണിയന്റെ Web site ൽ പ്രസിദ്ധീകരിച്ചു. അംഗങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ആവശ്യമായവ ഉൾക്കൊണ്ട് അന്തിമ റിപ്പോർട്ട് സ്റ്റേറ്റ് കൗൺസിലിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷം ബോർഡിന് നൽകും.

## കാഷ്യർ വേക്കൻസികൾ

ഒഴിവുകൾ ഇല്ലായെന്ന് പറഞ്ഞ് ബോർഡ് കോടതിയിൽ നൽകാനിരുന്ന സത്യവാങ്മൂലം കോൺഫെഡറേഷൻ ഇടപെട്ട് നിർത്തലാക്കി. സത്യാവസ്ഥ അറിയിച്ച് ബോർഡിന് കത്ത് നൽകി.

**പ്രമോഷൻ അപ്രൈസൽ**

SA to SS ലും SE to AE പ്രമോഷനിലും അപ്രൈസൽ വേണമെന്നുള്ള ഉത്തരവ് നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ട് കോൺഫെഡറേഷൻ ബോർഡിന് കത്ത് നൽകി. എന്നാൽ ബോർഡ് തീരുമാനത്തിൽ ഉറച്ചുനിന്നു. SA to SS പ്രമോഷനിലുള്ളവരുടെ അപ്രൈസൽ നൽകി. എന്നാൽ ചില തലങ്ങളിൽ ഈ പ്രമോഷൻ താമസിപ്പിക്കുവാൻ നീക്കം നടത്തിയെങ്കിലും കോൺഫെഡറേഷന്റെ ഇടപെടൽമൂലം തക്കസമയത്ത് പ്രമോഷൻ പുറത്തിറക്കി.

**മറ്റ് പ്രമോഷനുകൾ**

നിലവിലുള്ള ഒഴിവുകളിൽ മുഴുവൻ പ്രമോഷൻ നടത്തണമെന്ന് ബോർഡിനോട് ആവശ്യപ്പെട്ടു. ഇലക്ഷൻ പെരുമാറ്റച്ചട്ടത്തിനുശേഷം എല്ലാ പ്രമോഷനുകളും പുറത്തിറക്കും.

**DA**

ഓണം ശമ്പളത്തോടൊപ്പം തന്നെ DA ലഭിക്കണമെന്നുള്ള കൊൺഫെഡറേഷന്റെ ആവശ്യം അംഗീകരിക്കപ്പെട്ടു. അലവൻസുകളും അഡ്വാൻസും പതിവിന് വിപരീതമായി നേരത്തെ ലഭിച്ചു.

**സംഘടനാ യോഗങ്ങൾ**

1. റിപ്പോർട്ട് കാലയളവിനുള്ളിൽ കോട്ടയത്ത് കോൺഫെഡറേഷൻ പണിത് നൽകിയ ഭവനത്തിന്റെ താക്കോൽദാനം വൈദ്യുതി മന്ത്രി നിർവഹിച്ചു.
2. വടകരയിൽ കോൺഫെഡറേഷന്റെ നേതൃത്വത്തിലുള്ള സൊസൈറ്റിയുടെ ഉത്ഘാടനം വൈദ്യുതി മന്ത്രി നിർവ്വഹിച്ചു.
3. ട്രാൻസ്ഫർ & പോസ്റ്റിംഗ് ലൈൻമാൻ സീറ്റ് കൂടി നമുക്ക് ലഭിച്ചു.
4. 73 ഡിവിഷനുകളിൽ 60 ഇടങ്ങളിലും ഡിവിഷൻ സമ്മേളനം പൂർത്തിയാക്കി.
5. എറണാകുളം, പെരുമ്പാവൂർ, സർക്കിൾ ഓഫീസ് കോമ്പൗണ്ടിൽ വിശദീകരണ യോഗം നടത്തി.

**അജണ്ട**

1. എം.എസ് .റാവുത്തർ അനുസ്മരണം
   (a). Blood Bank Inauguration
   (b). Identity Card
2. വർക്കിംഗ് ഫണ്ട്
3. ഡയറി 2015 വരവ് - ചെലവ്
4. ഡയറി 2016

Sibykutty

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി